(സി) നീര റൂൾസ് 3(4) പ്രകാരം ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. നടപ്പു സാമ്പത്തിക വർഷം നീര റൂൾസ് 2014-ൽ നിഷ്കർഷിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ ജില്ലകളിൽ എത്ര വീതം യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കണമെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

നീര ഉൽപ്പാദനത്തിന് ലൈസൻസ് കൊടുത്തത് സംബന്ധിച്ചുള്ള വിവരം

107 (3738) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉത്പ്പാദനത്തിന് ലൈസൻസ് കൊടുത്തത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ എത്ര സംഘങ്ങൾക്കാണ് നിലവിൽ ലൈസൻസ് കൊടുത്തിട്ടുള്ളത് ;

(സി) പാലക്കാട് ജില്ലയിൽ ലൈസൻസിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) നീര ഉത്പ്പാദനത്തിന് മൊത്തം തെങ്ങുകളുടെ 10 ശതമാനം അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

ജില്ല	ലൈസൻസ് നൽകിയിട്ടുള്ള ഫെഡറേഷനുകളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	2
കൊല്ലം	5
പത്തനംതിട്ട	1
ആലപ്പുഴ	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
കോട്ടയം	1
ഇടുക്കി	1
എറണാകുളം	2
തൃശ്ശൂർ	1
പാലക്കാട്	1
കോഴിക്കോട്	45
മലപ്പുറം	1
വയനാട്	1
കണ്ണൂർ	1
കാസർഗോഡ്	1
ആകെ	64

(ബി) പാലക്കാട് ജില്ലയിൽ മുതലമട നാളികേര ഉൽപ്പാദക ഫെഡറേഷനു മാത്രമാണ് നിലവിൽ ലൈസൻസ് കൊടുത്തിട്ടുള്ളത്.

(സി) പാലക്കാട് ജില്ലയിൽ ലൈസൻസിനായി ആകെ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽനിന്നും ഒരു യൂണിറ്റിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഓരോ നീര ഉൽപ്പാദക യൂണിറ്റുകളും അവർക്ക് ലഭ്യമാകുന്നതു എണ്ണം തെങ്ങുകൾ നീര ചെത്തുന്നതിന്, ഉപയോഗിക്കാവുന്നതും ചെത്തു തെങ്ങുകളുടെ എണ്ണത്തിൽ പ്രത്യേക നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള അനുമതി

108 (3739) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള അനുമതി ഏത് തീയതിവരെ അപേക്ഷിച്ചവർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീയതിക്കുശേഷം അപേക്ഷിച്ചവർക്ക് ലൈസൻസ് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) ലൈസൻസ് ലഭിക്കാനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ പെൻഡിംഗിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly